7. കാൾസെന്റർ

നോർക്ക വകുപ്പിനെയും നോർക്ക-റൂട്ട്സിനെയും സംബന്ധിച്ച വിവരങ്ങൾ നൽകുന്ന കാൾ സെന്ററിന്റെ സേവനം ദിവസത്തിൽ 24 മണിക്കൂറായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) 2015 ജനുവരി 16, 17 തീയതികളിലായി കൊച്ചിയിൽ നടന്ന ആഗോള മലയാളി പ്രവാസി സംഗമത്തിൽ ഉരുത്തിരിഞ്ഞ പ്രവാസിനിക്ഷേപം സംസ്ഥാന വികസനത്തിനുപയുക്തമാക്കുന്നതിന് ഒരു സ്പെഷ്യൽ പർപ്പസ്വെഹിക്കിൾ രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്.

യെമനിൽ നിന്നും മടങ്ങിയെത്തിയ നഴ്സുമാർക്കുള്ള സഹായം

93 (T4128) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുദ്ധഭീതിയിൽ യെമനിൽനിന്നും ജോലിയുപേക്ഷിച്ചു മടങ്ങി എത്തിയിട്ടുള്ളത് എത്ര നഴ്സുമാരാണ് ; ജില്ല തിരിച്ച് വിശദാംശം നൽകാമോ ;

(ബി) ടി നഴ്സുമാർക്ക് എന്തൊക്കെ സഹായങ്ങളാണ് വാഗ്ദാനം ചെയ്തിരുന്നത് ; വിശദാംശം നൽകാമോ ;

(സി) ഇവർക്ക് വാഗ്ദാനം ചെയ്യപ്പെട്ട സഹായങ്ങൾ ലഭ്യമാക്കിയിട്ടുണ്ടോ ; എങ്കിലെത്ര പേർക്ക് എന്തൊക്കെ സഹായങ്ങൾ നൽകിയെന്ന് ജില്ലതിരിച്ച് വിശദാംശം നൽകാമോ ;

(ഡി) ഇവർക്ക് കേരളത്തിൽ ജോലി ലഭിക്കുന്നതിനുവേണ്ട സഹായം വാഗ്ദാനം ചെയ്തിരുന്നുവോ ; എങ്കിൽ എത്ര പേർക്ക് സർക്കാർ സഹായത്താൽ ജോലി ലഭിച്ചിട്ടുണ്ട് ; ജില്ല തിരിച്ച് വിശദാംശം നൽകാമോ ;

(ഇ) ഇല്ലെങ്കിൽ വാഗ്ദാനം ചെയ്ത സഹായങ്ങൾ ലഭ്യമാക്കാതിരിക്കാനിടയായ സാഹചര്യം വിശദീകരിക്കാമോ ;

(എഫ്) വിദ്യാഭ്യാസ വായ്പയും മറ്റും എടുത്ത് കടക്കെണിയിലായ ഇവർക്ക് എന്തൊക്കെ സഹായങ്ങളാണ് നൽകുന്നത് ?

ഉത്തരം

(എ) യെമനിൽ നിന്നും ജോലി ഉപേക്ഷിച്ചു മടങ്ങിയെത്തിയ കേരളീയർക്കായി നോർക്ക-റൂട്ട്സ് ഏർപ്പെടുത്തിയ രജിസ്ട്രേഷൻ സംവിധാനത്തിലൂടെ രജിസ്റ്റർ ചെയ്തിട്ടുള്ളവരിൽ 830 പേർ നഴ്സുമാരാണ്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു.

'T' മാറിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

(ബി-എഫ്) ആഭ്യന്തര കലാപ ബാധിത പ്രദേശങ്ങളിൽനിന്നും തിരികെയെത്തിയ നഴ്സുമാർക്ക് തൊഴിൽ കണ്ടെത്തുന്നതിലേയ്ക്കായി നോർക്കയുടെ ജോബ് പോർട്ടലായ www.jobsnorka.gov.in -ൽ രജിസ്ട്രേഷൻ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. വിദേശത്ത് തൊഴിൽ ആഗ്രഹിക്കുന്നവർക്ക് പ്രസ്തുത ജോബ് പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്ന മുറയ്ക്ക് വിദേശത്ത് നഴ്സിംഗ് മേഖലയിലെ നിലവിലെ ഒഴിവുകളെ സംബന്ധിച്ച് വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. യെമനിൽനിന്നും മടങ്ങി എത്തിയവർക്കും തിരികെയെത്തുന്ന പ്രവാസി മലയാളികൾക്കായി സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള എല്ലാ പദ്ധതികളുടെയും ആനുകൂല്യങ്ങൾക്ക് അപേക്ഷിക്കാവുന്നതാണ്.

നോർക്ക റൂട്ട്സിലെ നിയമനം

94 (4129) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നോർക്ക റൂട്ട്സിലെ ജീവനക്കാരുടെ നിയമനം സംബന്ധിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ;

(ബി) നോർക്ക റൂട്ട്സിൽ നിലവിൽ എത്ര ജീവനക്കാരുണ്ടെന്നും ഇതിൽ സ്ഥിര ജീവനക്കാർ എത്രയെന്നും താൽക്കാലിക ജീവനക്കാർ എത്രയെന്നും വെളിപ്പെടുത്തുമോ ;

(സി) ജീവനക്കാരെ സ്ഥിരപ്പെടുത്തിയത് കാബിനറ്റ് തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണോ എന്നും എങ്കിൽ ഏത് തീയതികളിലെ കാബിനറ്റ് തീരുമാന പ്രകാരമെന്നും വ്യക്തമാക്കുമോ ;

(ഡി) ജീവനക്കാരെ സ്ഥിരപ്പെടുത്താനുള്ള ഏതെങ്കിലും കാബിനറ്റ് തീരുമാനം റദ്ദു ചെയ്തിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 21-7-2005-ൽ നോർക്ക റൂട്ട്സിന്റെ 13-ാമത് ബോർഡ് യോഗം അംഗീകരിച്ച സർവ്വീസ് റൂൾസ് പ്രകാരമാണ് നോർക്ക റൂട്ട്സിൽ നിയമനങ്ങൾ നടത്തി വരുന്നത്.

(ബി) നോർക്ക റൂട്ട്സിൽ നിലവിൽ സ്ഥിര ജീവനക്കാരായി 17 പേരും താല്ക്കാലിക ജീവനക്കാരായി 40 പേരും ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരായി 5 പേരും ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly